3. പൗരാവകാശ സംരക്ഷണനിയമം നടപ്പിലാക്കുന്ന പദ്ധതി, അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം നടപ്പിലാക്കുന്നതിനുള്ള പദ്ധതി.

4. കോച്ചിംഗ് ആന്റ് അലയിഡ് സ്കീം.

5. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരുന്നവരുടെ മക്കൾക്കുള്ള പ്രീമെട്രിക്ക് വിദ്യാഭ്യാസ സഹായം.

6. പട്ടികജാതി ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം.

7. പട്ടികജാതി പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം.

8. പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം എന്നീ കേന്ദ്രാ വിഷ്കത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി വിവിധ വിദ്യാഭ്യാസ, ആരോഗ്യ സാമ്പത്തിക, സാമൂഹിക പരിപാടികൾ 50%, 100% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു. അവയിൽ പ്രധാനപ്പെട്ടവ (1) മോഡൽ റസിഡൻഷ്യൽ സ്കൂൾ/ആശ്രമം സ്കൂളുകളുടെ നിർമ്മാണം (2) ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പ്രീമെട്രിക്ക് ഹോസ്റ്റൽ നിർമ്മാണം (3) പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് (4) വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ (5) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ (6) ഇടുക്കി, മാനന്തവാടി, അട്ടപ്പാടി ആരോഗ്യ പദ്ധതികൾ (7) പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം എന്നിവയാണ്.

(ഡി) പട്ടികജാതി വികസന വകുപ്പിൽ പൂർണ്ണമായും ചെലവഴിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിൽ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

(ഇ) വിലയിരുത്തിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തിന് സഹായിക്കുന്ന പദ്ധതികളുടെ പ്രവർത്തനം

162 [938] ഡോ. തോമസ് ഐസക് :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

,, വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തിന് സഹായിക്കുന്ന കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് പദ്ധതികളുടെ പ്രവർത്തനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പദ്ധതി നടത്തിപ്പ് സർക്കാർ യഥാസമയം വിലയിരുത്താറുണ്ടോ ;

(സി) 2000 മാർച്ച് 31-ന് ശേഷം ഓരോ വർഷവും കേന്ദ്ര സംസ്ഥാന പദ്ധതികളുടെ ഭാഗമായി അനുവദിക്കപ്പെട്ട എന്തു തുക വീതം ലാപ്സായി പോയിട്ടുണ്ട്. സ്കോളർഷിപ്പ് നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുകയിൽ എന്ത് തുക ലാപ്സായിട്ടുണ്ട് എന്നിവ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) കേന്ദ്ര സർക്കാർ അനുവദിച്ച തുകയൊന്നും തന്നെ ലാപ്സായിട്ടില്ല. എന്നാൽ സംസ്ഥാന പദ്ധതിയിനത്തിൽ പട്ടികജാതി വികസന വകുപ്പിൽ 2001-02-ൽ 2.74 ലക്ഷം രൂപയും, 2003-04-ൽ 202.30 ലക്ഷം രൂപയും ലാപ്സായിട്ടുണ്ട്. അതേ സമയം 2002-03 വർഷത്തിൽ 2284 ലക്ഷം രൂപ അധികമായി ചെലവഴിച്ചിട്ടുമുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ തുകയൊന്നും ലാപ്സായിട്ടില്ല.

പന്തളത്തെ പ്രീ-മെട്രിക്ക് ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണം

163 [939] ശ്രീ. കെ. കെ. ഷാജു : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക്ക് ഹോസ്റ്റലിന്റെ കെട്ടിടനിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ആയതിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് പറയാമോ ;

(സി) പ്രസ്തുത ഹോസ്റ്റലിന്റെ പണി സമയബന്ധിതമായി തീർക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പന്തളം പ്രീ മെട്രിക്ക് ഹോസ്റ്റലിന് കെട്ടിടനിർമ്മാണത്തിനുള്ള ഒരു നിർദ്ദേശം പന്തളം ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുണ്ട്.

(ബി, സി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പന്തളം പ്രീ-മെട്രിക്ക് ഹോസ്റ്റലിന്റെ നടത്തിപ്പ് ചുമതല പന്തളം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. പ്രസ്തുത ഹോസ്റ്റലിനുവേണ്ടി കെട്ടിട നിർമ്മാണം നടത്തുന്നതിന് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് എസ്.സി.പി. ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്നും 2004-05 വർഷം സമർപ്പിച്ച 6 ലക്ഷം രൂപയുടെ പ്രോജക്ട് 30-11-2004-ൽ കൂടിയ ഡി.പി.സി. അംഗീകരിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന് ഈ വർഷം 1,04,373 രൂപ വകകൊള്ളിച്ചിട്ടുമുണ്ട്. കെട്ടിടം പണി ആരംഭിക്കേണ്ടത് പന്തളം ബ്ലോക്ക് പഞ്ചായത്താണ്. നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്താൻ ബ്ലോക്ക് പഞ്ചായത്തിനോടാവശ്യപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly